ഉ

## തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിൽക്കെയുള്ള ഹൈഡൽ ടൂറിസം



313 (954) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിൽക്കെ ഹൈഡൽ ടൂറിസം വകുപ്പിൽ നിയമനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിൽക്കുമ്പോൾ നിയമനം നടത്തിയത് ശരിയാണോ ;

(സി) ഹൈഡൽ ടൂറിസം വകുപ്പിൽ സതീഷ്കുമാർ എന്നയാളെ അസിസ്റ്റന്റ് കാഷ്യറായി നിയമിച്ചത് ഏത് മാനദണ്ഡം അനുസരിച്ചാണെന്നറിയിക്കുമോ ;

(ഡി) ഇത്തരത്തിൽ നിയമനം നടത്തിയത് സർക്കാരിന്റെ അറിവോടെയാണോ ; നിയമനം നടത്തിയതിന്റെ നടപടിക്കുറിപ്പുകൾ ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത നിയമനം നടത്താൻ സർക്കാർ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് ;

(ജി) ഇത്തരത്തിൽ നിയമനം നടത്തിയ ഡയറക്ടർക്ക് എതിരെ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഹൈഡൽ ടൂറിസം സെന്ററിൽ ശ്രീ. സതീഷ് കുമാർ എന്നയാളെ 5250 രൂപ പ്രതിമാസം ഓണറേറിയം നൽകി വോളന്റിയറായി താൽക്കാലിക അടിസ്ഥാനത്തിൽ 13-2-2014 മുതൽ സേവനം നടത്തുവാൻ അനുമതി നൽകിയിട്ടുള്ളതാണ്. ഇദ്ദേഹം 14-5-2014 മുതലാണ് ജോലി ചെയ്തുവരുന്നത്. 24-2-2014-ൽ ഹൈഡൽ ടൂറിസം സെന്ററിന്റെ പുതിയ യൂണിറ്റായ ശെങ്കുളം സെന്റർ ആരംഭിച്ചതിനാൽ ജോലിക്കാരുടെ അഭാവത്തിലാണ് ശ്രീ. സതീഷ് കുമാറിനെ താൽക്കാലികമായി നിയമിച്ചിട്ടുള്ളത്.

(ഡി) സേവന സന്നദ്ധരെ കണ്ടെത്തി, ഹൈഡൽ ടൂറിസം സൊസൈറ്റി നേരിട്ടാണ് നിയമനം നടത്തിയത്.

(ഇ) ഹൈഡൽ ടൂറിസം സൊസൈറ്റിയുടെ ദൈനംദിന നടത്തിപ്പിനും സുരക്ഷയ്ക്കും ആവശ്യമായ ജീവനക്കാരെ താൽക്കാലിക അടിസ്ഥാനത്തിൽ നിയമിക്കേണ്ട ചുമതല ഹൈഡൽ ടൂറിസം ഡയറക്ടറിൽ നിക്ഷിപ്തമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഹൈഡൽ ടൂറിസം സൊസൈറ്റിയുടെ ദൈനംദിന പ്രവർത്തനങ്ങൾ മുടങ്ങാതിരിക്കുവാൻ വേണ്ടിയാണ് സേവന സന്നദ്ധരായ ഇത്തരം വോളന്റിയേഴ്സിനെ നിയമിക്കുന്നത്.

(ജി) ഹൈഡൽ ടൂറിസം സെന്റർ എന്ന ഈ സൊസൈറ്റിയുടെ സുഗമമായ നടത്തിപ്പിനും സുരക്ഷയ്ക്കും ഇത്തരം താൽക്കാലിക വോളന്റിയേഴ്സിനെ അനുവദിക്കപ്പെട്ടിരിക്കുന്ന ഓണറേറിയം നൽകി നിയമിക്കുക എന്നത് ഹൈഡൽ ടൂറിസം സെന്ററിന്റെ ഡയറക്ടറുടെ ചുമതലയാണ്.

## ബാലുശ്ശേരി മണ്ഡലത്തിലെ കണയംകോട്-ബാലുശ്ശേരി-വയലിട-കക്കയം ടൂറിസം കോറിഡോർ പദ്ധതി

314 (955) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കണയംകോട്-ബാലുശ്ശേരി-വയലിട-കക്കയം ടൂറിസം കോറിഡോർ പദ്ധതി നിർദ്ദേശം പരിഗണിച്ച് വിശദമായ പ്രോജക്ട് തയ്യാറാക്കുന്നതിന്റെ പുരോഗതി അറിയിക്കാമോ ;

(ബി) പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്യുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതിയുടെ ഭാഗമായി വയലിടയിൽ ഹെലിപ്പാഡ് നിർമ്മിക്കുന്നതിന് ഭൂമി സൗജന്യമായി നൽകാമെന്നറിയിച്ച കാര്യം പരിഗണിക്കപ്പെട്ടിട്ടുണ്ടോ ;

(ഡി) ബാലുശ്ശേരി കോട്ടയ്ക്ക് ദേശീയചരിത്രസ്മാരക പദവി ലഭിക്കുന്നതിന് പുരാവസ്തു വകുപ്പ് നടത്തുന്ന ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

### ഉത്തരം

(എ&ബി) ബാലുശ്ശേരി മണ്ഡലത്തിലെ കണയംകോട് - ബാലുശ്ശേരി-വയലിട-കക്കയം ടൂറിസം കോറിഡോർ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇതേക്കുറിച്ച് പരിശോധിച്ചതിൽ ഇതൊരു ബൃഹത്തായ പദ്ധതിയാണെങ്കിൽ കൂടി ടൂറിസം സാദ്ധ്യതകൾ പരിശോധിക്കുമ്പോൾ ഇങ്ങനെയൊരു പദ്ധതിക്ക് സാധ്യത ഇപ്പോൾ കാണുന്നില്ല. കൂടാതെ പല ഘടകങ്ങളും ടൂറിസം വകുപ്പുമായി നേരിട്ട് ബന്ധപ്പെട്ടവയുമല്ല. എന്നിരുന്നാലും ഈ മേഖലയിലെ കക്കയം ഒരു പ്രധാന ഡെസ്റ്റിനേഷനായി വികസിപ്പിക്കുന്നതിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി 26-6-2013-ലെ സ.ഉ. (സാധാ) നമ്പർ 5251/2013/ടൂറിസം പ്രകാരം 42,31,000 (നാൽപ്പത്തിരണ്ട് ലക്ഷത്തി മുപ്പത്തൊന്നായിരം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള കൺസൾട്ടന്റുമാരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ടി പദ്ധതി പ്രാവർത്തികമാകുമ്പോൾ കക്കയം ഒരു പ്രധാന ഡെസ്റ്റിനേഷനായി വികസിക്കുകയും അതോടൊപ്പം മലബാറിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ കണയംകോട് - ബാലുശ്ശേരി - വയലിട എന്നീ സ്ഥലങ്ങളുടെ ടൂറിസം സാദ്ധ്യതകൾ ഒരിക്കൽകൂടി പരിശോധിച്ച് ടൂറിസം വികസനം സാദ്ധ്യമാക്കാവുന്നതുമാണ്.

(സി&ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly